REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **2025 ലെ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡുകൾ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന് നാളെ തുടക്കമാകും.**
- **വന്ദേഭാരത് ട്രെയിനുകളിൽ പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾ ലഭ്യമാക്കാൻ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് നിർദേശം നൽകി.**
- **തിരുവനന്തപുരത്ത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ആസ്വാദകരുടെ വൻ തിരക്ക്.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

2025 ലെ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡുകൾ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും. ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഇന്ന് ദേശീയ ഊർജ്ജ സംരക്ഷണ പെയിന്റിംഗ് മത്സരത്തിലെ വിജയികളെയും രാഷ്ട്രപതി അനുമോദിക്കും.

ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാനും, സുസ്ഥിരമായ ഭാവിക്കായി ഊർജ്ജം ലാഭിക്കുന്നത് പ്രോത്സാഹിപ്പിക്കാനുമാണ് എല്ലാവർഷവും ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനമായി ആചരിക്കുന്നത്. സുസ്ഥിര ഊർജ്ജ നവീകരണവും പൗര

പങ്കാളിത്തവും മെച്ചപ്പെടുത്തൽ എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഊർജ്ജ സംരക്ഷണ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങളും ദിനാചരണത്തിന്റെ ഭാഗമായി ജനങ്ങളിലെത്തിക്കും. ഏഴ് വിഭാഗങ്ങളിലും 28 ഉപവിഭാഗങ്ങളിലുമാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ വർഷം 680-ലേറെ അപേക്ഷകൾ പുരസ്കാരത്തിന് ലഭിച്ചു. ചടങ്ങിൽ ഊർജ്ജ മന്ത്രി മനോഹർ ലാലും സംബന്ധിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന് നാളെ തുടക്കമാകും. അബ്ദുല്ല രണ്ടാമൻ ബിൻ അൽ ഹുസൈൻ രാജാവിന്റെ ക്ഷണപ്രകാരം നാളെ ജോർദാനിലെ ഹാഷെമൈറ്റിൽ നരേന്ദ്രമോദി സന്ദർശനം നടത്തും. ജോർദാനുമായി നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം. ജോർദാന്റെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയായി ഇന്ത്യ ഉയർന്നുവരികയാണ്. ഏകദേശം 2.8 ബില്യൺ യുഎസ് ഡോളറാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം.

വിദേശ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഈ മാസം 16ന് നരേന്ദ്രമോദി എത്യോപ്യയിലെത്തും. തുടർന്ന് ഈ മാസം 17, 18 തീയതികളിൽ ഒമാനിലും പ്രധാനമന്ത്രി സന്ദർശനം നടത്തും.

✪✪✪

വന്ദേഭാരത് ട്രെയിനുകളിൽ പ്രാദേശിക ഭക്ഷണ വിഭവങ്ങൾ ലഭ്യമാക്കാൻ റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കടന്നുപോകുന്ന ഓരോ പ്രദേശത്തിന്റെയും സംസ്കാരവും, അഭിരുചികളും പ്രതിഫലിപ്പിക്കുന്ന ഭക്ഷണം നൽകുന്നതിലൂടെ യാത്രാനുഭവം ഗണ്യമായി മെച്ചപ്പെടുത്താനാവുമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹി റെയിൽ ഭവനിൽ ഉദ്യോഗസ്ഥതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഭാവിയിൽ എല്ലാ ട്രെയിനുകളിലും പ്രാദേശിക ഭക്ഷ്യ വിഭവ വിതരണം നടപ്പാക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

തീവ്രവോട്ടർപട്ടിക പരിഷ്കരണ വിഷയത്തിൽ ഡൽഹിയിൽ റാലി സംഘടിപ്പിക്കുന്ന കോൺഗ്രസിന്റെ നടപടിയെ BJP നിശിതമായി അപലപിച്ചു. ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കാനാണ് കോൺഗ്രസിന്റെ ശ്രമമെന്ന് BJP വക്താവ് സംബിത് പത്ര ന്യൂഡൽഹിയിൽ പറഞ്ഞു. തെരഞ്ഞെടുപ്പ് പരിഷ്കരണത്തെക്കുറിച്ച് പാർലമെന്റിൽ വേണ്ടത്ര ചർച്ച നടത്തുകയും

ആഭ്യന്തരമന്ത്രി അമിത് ഷാ അതിന് മറുപടി നൽകിയതുമാണെന്ന് സംബിത് പത്ര വിശദീകരിച്ചു.

✪✪✪

നാവിക സേന മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി ബ്രസീലിയൻ നാവിക ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങൾക്കുമിടയിലെ സമുദ്ര സഹകരണം കൂടിക്കാഴ്ചയിൽ വിലയിരുത്തി. അറ്റ്ലാന്റിക് സമുദ്രത്തിലെ തന്ത്രപരമായ നീക്കങ്ങളും സമുദ്രമേഖലയിലെ യുദ്ധത്തെക്കുറിച്ചും ചർച്ച ചെയ്തതായി നാവികസേന അറിയിച്ചു.

✪✪✪

തദ്ദേശീയമായി രൂപകല്പന ചെയ്ത് നിർമ്മിച്ച നാവിക സേനാ ഡൈവിംഗ് സപ്പോർട്ട് കപ്പൽ DSC-A20 മറ്റന്നാൾ കൊച്ചിയിൽ കമ്മീഷൻ ചെയ്യും. ദക്ഷിണ നാവിക കമാൻഡ് ഫ്ലാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന കമ്മീഷനിംഗ് ചടങ്ങിന് നേതൃത്വം നൽകും. കൊൽക്കത്തയിലെ ടിറ്റാഗഢ് റെയിൽ സിസ്റ്റംസ് ലിമിറ്റഡാണ് ക്രാഫ്റ്റ് നിർമ്മിച്ചത്. നാവിക മേഖലയിലെ സ്വയം പര്യാപ്തതയ്ക്കും മെയ്ക്ക് ഇൻ ഇൻഡ്യ സംരംഭത്തിനും മികച്ച ഉദാഹരണമാണ് DSC-A20 എന്ന് രാജ്യരക്ഷാമന്ത്രാലയം അറിയിച്ചു.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ഇന്ന് മൂന്നാം ദിവസം. മേള ആരംഭിച്ച ശേഷം ആദ്യ ഞായറാഴ്ചയായ ഇന്ന് മറ്റു ദിവസങ്ങളെ അപേക്ഷിച്ച് കൂടുതൽ തിരക്ക് അനുഭവപ്പെടുന്നുണ്ട്.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്...

........വോയ്സ്......

ചലച്ചിത്ര മേള മൂന്നാം ദിനത്തിലേക്ക് കടക്കുമ്പോൾ പ്രേക്ഷക പങ്കാളിത്തവും വർധിച്ചിട്ടുണ്ട്. ആദ്യ രണ്ട് ദിവസം പ്രദർശിപ്പിച്ച സിനിമകൾക്ക് മികച്ച പ്രേക്ഷക പ്രതികരണമാണ് ലഭിച്ചത്. ഇന്ന് 11 തിയേറ്ററുകളിലായി 71 ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്. അന്താരാഷ്ട്ര മത്സര വിഭാഗത്തിലെ 7 സിനിമകളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിലെ 3 ചിത്രങ്ങളും ഫെസ്റ്റിവൽ ഫേവറിട്സ് വിഭാഗത്തിലെ 8 സിനിമകളും ലോക സിനിമ വിഭാഗത്തിലെ 19 ചിത്രങ്ങളും ഹോമേജ് വിഭാഗത്തിലെ 2 സിനിമകളും ഇന്ന് പ്രേക്ഷകർക്ക് മുന്നിലെത്തുന്നുണ്ട്. പലസ്തിൻ പാക്കേജ് ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലെ നിരവധി ചിത്രങ്ങളുടെ ആദ്യ പ്രദർശനവും ഇന്ന് നടക്കുന്നുണ്ട്.

ചിലിയൻ ചലച്ചിത്രകാരൻ അബ്ദുറഹ്മാൻ സിസാക്കോ നയിക്കുന്ന മാസ്റ്റർ ക്ലാസ്സ് സെഷൻ ഇന്ന് നിള തിയേറ്ററിൽ നടക്കും. അതേ സമയം ചലച്ചിത്ര മേളയുടെ 30 വർഷത്തെ ചരിത്രം പ്രതിപാദിക്കുന്ന പ്രദർശനമായ IFFK എക്സ്പീരിയൻസിയക്കും ചലച്ചിത്ര വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന ഫിലിം മാർക്കറ്റിനും ഇന്ന് മേളയിൽ തുടക്കമായി.

✪✪✪

കാസർകോട് ജില്ലയിലെ ബേക്കൽ ഡിവിഷൻ റീക്കൗണ്ടിംഗ് പൂർത്തിയായി. എന്നാൽ ഫലത്തിൽ മാറ്റമുണ്ടായില്ല. വോട്ടുകളുടെ എണ്ണം സംബന്ധിച്ച തർക്കത്തെ തുടർന്നായിരുന്നു റീ കൗണ്ടിംഗ് തീരുമാനിച്ചത്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിലെ പരാജയം അവലോകനം ചെയ്യാൻ LDF നേതൃയോഗം മറ്റന്നാൾ ചേരും. CPIM സംസ്ഥാന സെക്രട്ടേറിയറ്റും CPI-യുടെ സംസ്ഥാന സെക്രട്ടേറിയറ്റ്, സംസ്ഥാന എക്സിക്യൂട്ടീവ് യോഗങ്ങളുമാണ് ചേരുന്നത്. തെരഞ്ഞെടുപ്പ് ഫലം യോഗത്തിൽ വിലയിരുത്തും.

✪✪✪

ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശം തെറ്റായിപോയെന്ന് CPIM നേതാവ് MM മണി പറഞ്ഞു. പാർട്ടിയുടെ ജനറൽ സെക്രട്ടറി MA ബേബി പറഞ്ഞ നിലപാടാണ് ശരിയെന്നും, പരാമർശം ഇന്നലെ പ്രത്യേക സാഹചര്യത്തിൽ സംഭവിച്ചതാണെന്നും MM മണി തൊടുപുഴയിൽ പറഞ്ഞു. വികസന പ്രവർത്തനങ്ങളും ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങളും നടത്തിയിട്ടും ജനവിധി പാർട്ടിക്ക് എതിരായപ്പോൾ ഉണ്ടായ വികാരപരമായ പരാമർശമായിരുന്നു അതെന്നും MM മണി വിശദീകരിച്ചു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പ് തോൽവിയെക്കുറിച്ച് മുതിർന്ന CPIM നേതാവ് MM മണിയുടെ പരാമർശം കേരളത്തിന്റെ സമൂഹ മനസാക്ഷിയിൽ കുറിച്ചിട്ടുണ്ടെന്ന് NK പ്രേമചന്ദ്രൻ MP കൊല്ലത്ത് പറഞ്ഞു. തുടർഭരണത്തിന്റെ അഹങ്കാരത്തിൽ ഗവൺമെന്റ് പുലർത്തിയ ധിക്കാരത്തിനും ധാർഷ്ഠ്യത്തിനും ഏറ്റ കടുത്ത പ്രഹരമാണ് തിരഞ്ഞെടുപ്പ് ഫലമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ അവകാശം നിഷേധിക്കുന്നതാണ് ജനവിധിയെന്നും പ്രേമചന്ദ്രൻ വ്യക്തമാക്കി.

✪✪✪

പിണറായി വിജയൻ ഗവൺമെന്റിന്റെയും CPIM ന്റെയും പ്രവർത്തനത്തിലെ പിഴവുകളാണ് തദ്ദേശ തിരഞ്ഞെടുപ്പിൽ UDFന് മികച്ച വിജയം സമ്മാനിച്ചതെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. DCCകളുടെ ചിട്ടയായ പ്രവർത്തനങ്ങളും സമാനതകളില്ലാത്ത തരംഗം UDFന് അനുകൂലമായതായും വേണുഗോപാൽ പറഞ്ഞു.

✪✪✪

കേരളത്തിന്റെ മനസ്സ് UDFന് ഒപ്പമാണെന്ന് തദ്ദേശ തിരഞ്ഞെടുപ്പ് ഫലം തെളിയിച്ചുവെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. മുന്നണി വിട്ടവർ തിരിച്ചുവരുന്ന കാര്യം ചിന്തിക്കേണ്ട സമയമാണിതെന്നും അദ്ദേഹം തിരുവനന്തപുരത്ത് അഭിപ്രായപ്പെട്ടു. UDFലേക്ക് മടങ്ങിവരണോ എന്നത് തീരുമാനിക്കേണ്ടത് കേരള കോൺഗ്രസാണെന്നും സണ്ണി ജോസഫ് അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിൽ LDF ന്റെ അടിത്തറ ഭദ്രമാണെന്നും, ജില്ലാ- നഗരസഭാ - ബ്ലോക്ക് ഡിവിഷനുകളിലെ വിജയം വിലയിരുത്തിയാൽ അത് മനസിലാകുമെന്നും CPIM ജില്ലാസെക്രട്ടറി K.K രാഗേഷ് പറഞ്ഞു. മലയോര മേഖലകളിലുൾപ്പെടെ ഇത്തവണ ചില പഞ്ചായത്തുകൾ നഷ്ടപ്പെട്ടതിനെപ്പറ്റി കൃത്യമായ പരിശോധനയുണ്ടാകുമെന്നും രാഗേഷ് പറഞ്ഞു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പ് ഫലം മുഖ്യമന്ത്രിക്കും ഗവൺമെന്റിനുമെതിരായ വിധിയെഴുത്താണെന്ന് KPCC വർക്കിങ് പ്രസിഡന്റ് ഷാഫി പറമ്പിൽ കോഴിക്കോട്ട് പറഞ്ഞു. അധികാരത്തിലിരിക്കുന്നവരേക്കാൾ ശക്തി ജനങ്ങൾക്കാണെന്ന് തെളിഞ്ഞതായി ഷാഫി പറമ്പിൽ അഭിപ്രായപ്പെട്ടു.

✪✪✪

പാലക്കാട് ജില്ലയിൽ രണ്ടാം വിള കൃഷിക്ക് നേരിടുന്ന യൂറിയ ക്ഷാമം ജില്ലയിലെ നെൽകൃഷിയെ സാരമായി ബാധിക്കുമെന്ന ആശങ്കയിലാണ് കർഷകർ. മറ്റു വളങ്ങൾ ഉപയോഗിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന അധിക ചിലവ് കർഷകരെ പ്രതിസന്ധിയിലാക്കുകയാണ്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

.........വോയ്സ്.......

നടീൽ കഴിഞ്ഞ് മൂന്നുമുതൽ അഞ്ചു ദിവസത്തിനുള്ളിൽ കീടനാശിനി യൂറിയ വളത്തിൽ ചേർത്ത് പാടത്തു വിതറുകയാണ് ചെയ്യുക.ജില്ലയിൽ ആവശ്യത്തിന്

യൂറിയ കിട്ടാനില്ലാത്തതിനാൽ വിലകൂടിയ കൂട്ടുവളങ്ങൾ ഉപയോഗിക്കാൻ കർഷകർ നിർബന്ധിതരായിരിക്കുകയാണ്. ഇത് അധിക ചെലവ് ഉണ്ടാക്കുന്നതായി കർഷകർ പരാതിപ്പെടുന്നു.50000 രൂപയുടെ യൂറിയ കിട്ടണമെങ്കിൽ 35000 രൂപയുടെ പുതുതലമുറ വളക്കൂട്ടുകൾ വാങ്ങേണ്ടിവരുന്ന സാഹചര്യമാണെന്നും കർഷകര് പറയുന്നു.രണ്ടാം വളപ്രയോഗത്തിലും മൂന്നാം വള പ്രയോഗത്തിൽ പൊട്ടാഷിനോടൊപ്പം ചേർത്തും യൂറിയ ഉപയോഗിക്കാറുണ്ട്. പൊട്ടാഷിനും ജില്ലയിൽ നേരിയ ക്ഷാമമുണ്ടെന്നും കർഷകർ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനത്ത് യൂറിയ വളത്തിന് ഏറെ ആവശ്യക്കാറുള്ള പാലക്കാട് ജില്ലയിലെ ഈ പ്രതിസന്ധി പ രിഹരിക്കണമെന്നാണ് കർഷകരുടെ ആവശ്യം.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഹിമാചൽപ്രദേശിലെ ധരംശാലയിൽ വൈകിട്ട് ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഇരു ടീമുകളും ഓരോ വിജയം വീതം നേടിയിട്ടുണ്ട്.

✪✪✪

അണ്ടർ 19 ഏഷ്യ കപ്പ് ഏകദിന ക്രിക്കറ്റിൽ ഇന്ത്യ പാകിസ്താൻ മത്സരം ദുബായ് ICC അക്കാദമി ഗ്രൗണ്ടിൽ പുരോഗമിക്കുന്നു. ടോസ് നേടിയ പാകിസ്ഥാൻ ഇന്ത്യയെ ബാറ്റിംഗിന് അയക്കുകയായിരുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 14 ഓവറിൽ രണ്ട് വിക്കറ്റിന് 94 റൺസെടുത്തിട്ടുണ്ട്.

✪✪✪

ചെന്നൈയിൽ ലോക സ്ക്വാഷ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ഇന്നലെ സെമി ഫൈനലിൽ ഈജിപ്തിനെ 3-0ന് തോൽപ്പിച്ചാണ് ഇന്ത്യയുടെ ഫൈനൽ പ്രവേശം.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിന്റെ ആദ്യ സെമിയിൽ ഇന്ന് നിലവിൽ ചാമ്പ്യന്മാരായ കാലിക്കറ്റ് FC, കണ്ണൂർ വാരിയേഴ്സ് FC യുമായി ഏറ്റുമുട്ടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകീട്ട് ഏഴരക്കാണ് മത്സരം.

നാളെ രണ്ടാം സെമിയിൽ മാജിക് FC, മലപ്പുറം FC യെ തൃശൂരിൽ നേരിടും.

✪✪✪

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ പരമ്പരാഗത ആചാരങ്ങളിലൊന്നായ ധനുമാസ കമ്പ ചടങ്ങുകൾക്ക് മറ്റന്നാൾ തുടക്കമാക്കും. 2026 ജനുവരി 13നാണ് ധനുമാസകമ്പം.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ...

.........വോയ്സ്..........

ആറന്മുള ക്ഷേത്ര ചരിത്രത്തോളം പഴക്കമുള്ള കാർഷിക ആചാരങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന ആചാരമാണിത്. ദ്വാപര യുഗത്തിൽ കൃഷ്ണാർജുനന്മാർ അഗ്നിദേവനു വേണ്ടി ഖാണ്ഡവവനം ദഹിപ്പിച്ചതിന്റെ

ഓർമ്മയ്ക്കായാണ് ഈ ചടങ്ങ് നടത്തപ്പെടുന്നതെന്നാണ് പറയപ്പെടുന്നത്. ധനു ഒന്നിനു രാവിലെ 8.30 ആറമുള ക്ഷേത്ര സന്നിധിയിൽ ക്ഷേത്രം തന്ത്രി തെക്കേടത്ത് കുഴിക്കാട്ടില്ലത്ത് പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാട് ദീപം തെളിക്കുന്നതോടെ ക്ഷേത്രപരിസരത്തെ വീടുകളിലും പരിസരപ്രദേശങ്ങളിലും തണുങ്ങ് പെറുക്ക് എന്നപേരിൽ അറിയപ്പെടുന്ന കവുങ്ങോലലകൾ ശേഖരിക്കൽ നടക്കും. പ്രദേശത്ത് തണുങ്ങ് എന്നറിയപ്പെടുന്ന കവുങ്ങോലകളാണ് ധനുമാസക്കമ്പത്തിതായി ഉപയോഗിക്കുന്നത്.

✪✪✪

ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഇന്ന് പ്രത്യേക അന്വേഷണ സംഘത്തിന് മൊഴി നൽകും. ശബരിമലയിൽ നിന്നും കടത്തിയ സ്വർണപ്പാളികൾ പുരാവസ്തുവായി വിറ്റുവെന്നും 500 കോടി രൂപയുടെ മൂല്യം അതിനുണ്ടെന്നും വിവരം ലഭിച്ചതായി ചെന്നിത്തല വെളിപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മൊഴി എടുക്കുന്നത്. നേരത്തെ മൊഴി നൽകുമെന്ന് അറിയിച്ചിരുന്നെങ്കിലും SITയുടെ അസൗകര്യങ്ങളെ തുടർന്ന് മൊഴി ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

✪✪✪

*News Editor : ശ്രുതി എം*
*News Reader: ഫസ്ന ഫാത്തിമ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*